**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 298 29.06.16-ലെ മറുപടിക്ക്**

**"അഴിമതിമുക്ത ചെക്ക്പോസ്റ്റുകൾ"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ബാബു | | ശ്രീ.റ്റി.എം.തോമസ് ഐസക് (ധനകാര്യവും, കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എതെല്ലാം ചെക്ക് പോസ്റ്റുകളാണ് നിലവിൽ അഴിമതിമുക്ത ചെക്ക്പോസ്റ്റുകളായി പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) & (ബി) | വാണിജ്യ നികുതി വകുപ്പിൽ പാലക്കാട് ജില്ലയിൽ വാളയാർ, അത്തിക്കോട്, നടുപ്പുണി, അഞ്ചാം മൈൽ, മേനോൻപാറ, ഗോപാലപുരം, ഒഴലപ്പതി, വേലൻതാവളം, വാളറ, മീനാക്ഷിപുരം, കണ്ണിമാരി, ചെമ്മണാംപതി, ഗോവിന്ദപുരം, കാസർഗോഡ് ജില്ലയിലെ ബംഗര മഞ്ചേശ്വരം, തിരുവനന്തപുരം ജില്ലയിലെ അമരവിള എന്നിവയാണ് നിലവിൽ അഴിമതിമുക്ത ചെക്ക് പോസ്റ്റുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഈ ചെക്ക്പോസ്റ്റുകളിലെ അഴിമതിരഹിത അന്തരീക്ഷം തുടർന്ന് നിലനിർത്താൻ കഴിഞ്ഞിട്ടില്ല. സംയോജിത ചെക്ക്പോസ്റ്റ് അടക്കം സാങ്കേതിക നവീകരണങ്ങൾ പൂർത്തിയാക്കി അഴിമതിയ്ക്കെതിരായ നടപടികൾ ശക്തിപ്പെടുത്തുന്നതാണ്. |
| (ബി) | പാലക്കാട് ജില്ലയിലെ മുഴുവൻ ചെക്ക്പോസ്റ്റുകളേയും അഴിമതിമുക്ത ചെക്ക്പോസ്റ്റുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ.**